**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2425** **07-07-2022 - ൽ മറുപടിയ്ക്ക്**

**പെട്രോളിയം ഉല്പന്നങ്ങളിൽ നിന്ന് ലഭിക്കുന്ന നികുതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോളിയം ഉല്പന്നങ്ങളിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വിഹിതം എത്രയെന്ന് അറിയിക്കാമോ; വില വർദ്ധനവിന് ആനുപാതികമായി സംസ്ഥാന നികുതിയിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടാകുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ, പാചകവാതകം, ഏവിയേഷൻ ടർബൈൻ ഫ്യൂവൽ (എ.റ്റി.എഫ്.), മണ്ണെണ്ണ എന്നിവയ്ക്ക് നിശ്ചയിച്ചിട്ടുള്ള നികുതിയുടെ വിവരം അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു.<br><br>വിലവർദ്ധനവ് ഉണ്ടാകുമ്പോൾ നികുതി വരുമാനത്തിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടാകുന്നു. |
| (ബി) | മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവ് വഴി ഓരോ വർഷവും അധികമായി സമാഹരിച്ച തുക എത്രയാണ്; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ 2021-22 വരെയുള്ള കാലയളവിലും പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവ് വഴി ഓരോ വർഷവും അധികമായി സമാഹരിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി (അനുബന്ധം-2) ചേർക്കുന്നു. |
| (സി) | പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവ് ഉണ്ടായ സാഹചര്യത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി ഇനത്തിൽ ഏതെങ്കിലും തരത്തിലുള്ള ഇളവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | നിലവിൽ പെട്രോളിനും ഡീസലിനും 1963-ലെ സംസ്ഥാന പൊതുവിൽപന നികുതി നിയമപ്രകാരമാണ് നികുതി ഈടാക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല.<br><br>കേന്ദ്ര സർക്കാരിന്റെ എക്സൈസ് തീരുവയും സെസ്സും വരുത്തിയ നികുതി വർദ്ധനവ് മൂലമുള്ള വിലക്കയറ്റം അതിജീവിക്കുവാൻ സംസ്ഥാന സർക്കാർ |

| | | | |
|---|---|---|---|
| | | | ഈടാക്കുന്ന നികുതികളിൽ മാത്രം കുറവ് വരുത്തുന്നത് ഉചിതമല്ല. നികുതിനിരക്ക് കുറച്ചാൽ വികസനക്ഷേമ പ്രവർത്തനങ്ങൾ തുടരുന്നതിന് വൻപ്രതിസന്ധി സൃഷ്ടിക്കും. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

**പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ, പാചകവാതകം, ഏവിയേഷൻ ടർബൈൻ ഫ്യൂവൽ (എ.റ്റി.എഫ്.), മണ്ണെണ്ണ എന്നിവയ്ക്ക് നിശ്ചയിച്ചിട്ടുള്ള നികുതിയുടെ വിവരം**

| ക്രമ നമ്പർ | | സംസ്ഥാന വില്പന നികുതി | അധിക വില്പന നികുതി | ചരക്ക സേവന നികുതി | മൂല്യവർദ്ധിത നികുതി | സെസ്സ് |
|---|---|---|---|---|---|---|
| 1 | പെട്രോൾ | 30.08% | 1 രൂപ/ ലിറ്റർ | | | വില്പന നികുതിയും അധിക വില്പന നികുതിയും ചേർന്ന തുകയുടെ 1% |
| 2 | ഡീസൽ | 22.76% | 1 രൂപ/ ലിറ്റർ | | | വില്പന നികുതിയും അധിക വില്പന നികുതിയും ചേർന്ന തുകയുടെ 1% |
| 3 | ഗാർഹിക ആവശ്യത്തിനുള്ള പാചകവാതകത്തിനും ചരക്കുസേവന നികുതി നിയമ പ്രകാരമുള്ള വിജ്ഞാപനത്തിലെ ഒന്നാം ഷെഡ്യൂൾ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള വിഭാഗങ്ങൾക്കും | | | 5% (2.5% CGST + 2.5% SGST) | | |
| 4 | ക്രമ നമ്പർ 3-ൽ പരാമർശിച്ചിരിക്കുന്ന തൊഴികെയുള്ള പാചകവാതകങ്ങൾക്ക് | | | 18% (9% CGST + 9% SGST) | | |
| 5 | എ.റ്റി.എഫ് | 5% | | | | |
| 6 | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിൽ നിന്നും ഡൊമസ്റ്റിക് ഫ്ളൈറ്റുകളിലേക്ക് നിറയ്ക്കുന്ന എ.റ്റി.എഫ്. | 1% | | | | |

| | | | | | | |
|---|---|---|---|---|---|---|
| 7 | തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ടിൽ നിന്നും ഡൊമസ്റ്റിക് ഫ്ളൈറ്റുകളിലേക്ക് നിറയ്ക്കുന്ന എ.റ്റി.എഫ്. | 1% | | | | |
| 8 | നെടുമ്പാശ്ശേരി, കരിപ്പൂർ ഇന്റർനാഷണൽ എയർപോർട്ടിൽ നിന്നും ഡൊമസ്റ്റിക് ഫ്ളൈറ്റുകളിലേക്ക് നിറയ്ക്കുന്ന എ.റ്റി.എഫ്. | 1% | | | | |
| 9 | മണ്ണെണ്ണ | | | 5% (2.5% CGST + 2.5% SGST) | | |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം-2

മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവ് വഴി ഓരോ വർഷവും അധികമായി സമാഹരിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ

| വർഷം | ഡീസൽ (തുക കോടിയിൽ) | പെട്രോൾ (തുക കോടിയിൽ) |
|---|---|---|
| 2016-17 | 436.77 | 262.89 |
| 2017-18 | 146.85 | 107.59 |
| 2018-19 | 212.23 | 70.50 |
| 2019-20 | Nil | Nil |
| 2020-21 | 481.6 | 469.85 |
| 2021-22 | 339.97 | 555.8 |

സെക്ഷൻ ഓഫീസർ